"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-23-09-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്- 'വാരാമ്പറ്റ ഹൈസ്കൂളിന് സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ' എന്ന പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2104/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/11/2020**

---

പരാമർശം:- 1 വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2020-ലെ കത്ത്

2 23.09.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.36-ാം നമ്പർ തീരുമാനം

**ഉത്തരവ്**

വാരാമ്പറ്റ ഹൈസ്കൂളിന് സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറുന്നതിനായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് നടപ്പ് വർഷത്തെ വാർഷിക പദ്ധതിയിൽ 1 0 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ അംഗീകാരത്തോടെ മാത്രമേ നടപ്പാക്കാവൂ എന്ന നിർദ്ദേശത്തെ തുടർന്ന് പദ്ധതി അനുമതിക്കായി പരാമർശം (1) പ്രകാരം സമർപ്പിക്കുകയും പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

2 . മേൽ വിവരിച്ച സാഹചര്യത്തിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച വാരാമ്പറ്റ ഹൈസ്കൂളിന് സ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ (പ്രൊ.നം.138/21) എന്ന പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE P N
**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി. മാനന്തവാടി. വയനാട്

ജില്ലാ പ്ലാനിംഗ് ഓഫീസർ.വയനാട്

ഗ്രാമ വികസന കമ്മീഷണർ.തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.1.0 10:57:14
IST
Reason: Approved
സെക്ഷൻ ഓഫീസർ